(സി) നിലവിലുള്ള ഷെഡ്യൂളുകളും പുതിയ ഷെഡ്യൂളുകളും നടത്തുന്നതിനാവശ്യമായ ബസുകളനുവദിക്കണമെന്ന ആവശ്യം മറ്റു ഡിപ്പോകളിൽ നിന്നുമെന്നപോലെ ആറ്റിങ്ങൽ ഡിപ്പോയിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. നിലവിൽ ബസുകൾ ലഭ്യമല്ലാത്തതിനാൽ, അവ പണിത് ലഭിക്കുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള ആവശ്യങ്ങൾ പരിഗണിക്കുന്നതാണ്.

ഇന്റർസെപ്റ്റർ സംവിധാനത്തിന്റെ പുരോഗതി

188 (785). ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ബി) വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ വേണ്ടി നടപ്പിലാക്കിയ ഇന്റർസെപ്റ്റർ സംവിധാനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) ഇന്റർസെപ്റ്റർ സംവിധാനത്തിനായി സംസ്ഥാനത്ത് എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട് ; ഇതിൽ ഓരോ വാഹനത്തിന്റേയും വിലയെത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിൽ സംസ്ഥാനത്ത് എത്ര ഇന്റർസെപ്റ്റർ വാഹനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചും വകുപ്പിന്റെ മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വഴിയും വാഹനങ്ങൾ അനുവദനീയമായ വേഗതയിൽ തന്നെയാണോ ഓടുന്നത് എന്ന് ഉറപ്പ് വരുത്താറുണ്ട്.

(ബി) 2009-ൽ 10457 നിയമലംഘനങ്ങൾ കണ്ടെത്തുകയും, 98,08,200 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2010 നവംബർ മാസംവരെ 12048 നിയമലംഘനങ്ങൾ കണ്ടെത്തുകയും 1,41,12,345 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) 3 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഒരു വാഹനത്തിന്റെ വില 22.2 ലക്ഷം രൂപ.

(ഡി) നിലവിൽ സംസ്ഥാനത്ത് നാല് ഇന്റർസെപ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒരെണ്ണം കേന്ദ്ര ഗവൺമെന്റിൽ നിന്നും സൗജന്യമായി ലഭിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly